**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 392** **23-02-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ സി ആർ മഹേഷ്** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്ത് ജി.എസ്.ടി. വരുമാനം വർദ്ധിക്കുമ്പോൾ കേരളത്തിൽ ജി.എസ്.ടി. വരുമാനത്തിൽ പ്രതീക്ഷിച്ച നേട്ടമുണ്ടാക്കാൻ സാധിക്കാത്തതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പഠന വിധേയമാക്കിയിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ജി.എസ്.ടി. നടപ്പിലാക്കിയിട്ട് നാലുവർഷം കഴിഞ്ഞ സാഹചര്യത്തിൽ നികുതി വരുമാന വർദ്ധനവ് നേടാൻ സാധിക്കാത്തത് നികുതി ഭരണസംവിധാനത്തിലെ കെടുകാര്യസ്ഥതയും അഴിമതിയും മൂലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവമായി കാണുന്നുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഡെസ്റ്റിനേഷൻ ടാക്സായ ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ സ്വാഭാവികമായി ഉണ്ടാകേണ്ട നികുതി വരുമാനത്തിലെ വലിയ വർദ്ധന ഇല്ലാത്തതിന്റെ കാരണം വിശദമാക്കാമോ; | (സി) | ജി.എസ്.ടി. നികുതി നിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5ശതമാനമോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ജി.എസ്.ടി. യുടെ തുടക്കത്തിൽ ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതി നിരക്ക് 28% (എസ്.ജി.എസ്.ടി. 14%) ആയാണ് നിശ്ചയിച്ചിരുന്നത്. പിന്നീട് അത് ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് 9%, 6% എന്നിവയായി കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതി പിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. സംസ്ഥാനം അഭിമുഖീകരിച്ച തുടർച്ചയായ പ്രകൃതി ദുരന്തങ്ങളും, |

| | | | |
|---|---|---|---|
| | | | തുടർന്ന് വന്ന കോവിഡ് മഹാമാരിയും അതിനെ തുടർന്ന് ഉണ്ടായ lockdown സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. |
| (ഡി) | ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് മുൻ സർക്കാർ സ്വീകരിച്ചിരുന്നത്; | (ഡി) | നികുതി പിരിവ് കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. ഉപഭോക്താക്കളിൽ നിന്നും ഉത്പന്ന വിലയോടൊപ്പം ഈടാക്കുന്ന നികുതിപ്പണം ഖജനാവിലേക്ക് അടക്കാത്ത വ്യാപാരികളുടെ റിട്ടേൺ പരിശോധനയിലൂടെ നികുതി നിർണ്ണയം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി നിർണ്ണയങ്ങൾ അനിവാര്യമായ വ്യത്യസ്ഥ മാനദണ്ഡങ്ങൾ നിശ്ചയിച്ച് മുൻഗണന പട്ടിക തയ്യാറാക്കിയ കേസുകളിൽ പരിശോധന കാര്യക്ഷമമായി നടത്തി നികുതി നിർണ്ണയങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നികുതി നിർണ്ണയ അധികാരികളുടെ ഡാഷ് ബോർഡിൽ ലഭ്യമാക്കിയിട്ടുണ്ട്. ജി.എസ്.ടി. യിൽ ഫയൽ ചെയ്ത വിവരങ്ങൾ അടിസ്ഥാനമാക്കി ദേശീയ തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിക്കുകയും ഇതിനെ അടിസ്ഥാനമാക്കി സംസ്ഥാന തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വിറ്റുവരവിലുള്ള വ്യത്യാസം, ഇൻപുട്ട് ടാക്സ് ക്രഡിറ്റിലുള്ള വ്യത്യാസം, ഇ-വേ ബിൽ, ഡിക്ലയർ ചെയ്ത തുകയിലുള്ള വ്യത്യാസം ടി.ഡി.എസ്/ടി.സി.എസ് റിട്ടേണുകളിൽ ഉള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ നൽകുന്നത്. ജി.എസ്.ടി. പൂർണ്ണമായും വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതി ദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ് വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിന് വേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിസ്റ്റിക് വിങ്ങ് രൂപീകരിച്ചിട്ടുണ്ട്. വർഷാന്ത്യ റിട്ടേണുകളിൽ സൂക്ഷ്മ പരിശോധനയും ഓഡിറ്റും നടത്തി നികുതി വെട്ടിപ്പും തെറ്റായ ഇൻപുട് ടാക്സ് ക്രഡിറ്റും കണ്ടെത്തി നികുതി നിർണ്ണയങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നുണ്ട്. ചെക്‌പോസ്റ്റ് സമ്പ്രദായം ഇല്ലാതായ സാഹചര്യത്തിൽ അതിർത്തികളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനും വേണ്ടി സി.സി.ടി.വി |

| | | | |
|---|---|---|---|
| | | | ക്യാമറകൾ പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. തന്മൂലം ഇത് എ.എൻ.പി.ആർ സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-വേബിൽ) ഇല്ലാതെ കടന്നു വരുന്ന ചരക്കു വാഹനങ്ങളുടെ വിവരം ഉടൻ തന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിനു ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുമുണ്ട്. |
| (ഇ) | പ്രസ്തുത നടപടികൾ കാര്യക്ഷമമല്ലാത്തതിനാലാണ് നികുതി വരുമാനത്തിൽ ഇടിവ് ഉണ്ടാകുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ